LIBRARY ARCHIVES Kerala Legislative Assembly.

കടലോരത്തെ അമൂല്യ ഔഷധച്ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച പഠനം

*10 [390] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോര മത്സ്യബന്ധനത്തിനുപുറമേ അമൂല്യ ഔഷധ ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത് എന്ന് അറിയിക്കാമോ; വിശദാംശം വെളിപ്പെടുത്താമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പഠനം നടത്തിയില്ലെങ്കിൽ സമയബന്ധിതമായി നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുമോ;

(സി) ഔഷധച്ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച് വിദേശ ട്രോളറുകൾ രഹസ്യ നിരീക്ഷണം നടത്തിയെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. എന്നാൽ കൊച്ചിയിലെ കേന്ദ്ര മത്സ്യ ഗവേഷണസ്ഥാപനവും ഐ. ആർ. ഇ., സി. ഇ. എസ്. എസ്. എന്നീ കേന്ദ്രഗവൺമെന്റ് ഏജൻസികളും പഠനം നടത്തിയതായി അറിയുന്നു. റിപ്പോർട്ടിന്റെ കോപ്പി ലഭ്യമല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ആശുപത്രി ഉപകരണങ്ങൾ

*11 [391] ശ്രീ. എ. കെ. ബാലൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ആശുപത്രികളടക്കമുള്ള ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രികൾക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;